(ബി) ഇവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ;

(സി) വിവിധ ഭവന നിർമ്മാണ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ഗഡുക്കൾ ലഭ്യമാക്കുന്നതിലെ വീഴ്ചമൂലമുണ്ടാകുന്ന ധനനഷ്ടവും ദുരനുഭവങ്ങളും വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) അന്തിയുറങ്ങാൻ കൂരയില്ലാതെയും ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട് ഗഡുക്കൾ ലഭിക്കാതെയും മറ്റും ഇവർ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഭവനരഹിതരായവർക്കെല്ലാം വീട് നിർമ്മിച്ചു നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ&ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഭവനനിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾക്കുള്ള ധനസഹായം യഥാസമയം നൽകി വരുന്നതിനാൽ വീഴ്ചകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള വിവിധ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

വൈദ്യുതി ഭേദഗതി ബിൽ

28(*208) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് നടപ്പാക്കുന്ന വൈദ്യുതി ഭേദഗതി ബിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർദ്ദിഷ്ട ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്റർ മീഡിയറി സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാനത്ത് എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം വൈദ്യുതി ഉപഭോക്താക്കൾ നേരിടാവുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. 2003-ൽ ഇറങ്ങിയ കേന്ദ്ര വൈദ്യുതി നിയമം, 2007-ന് ശേഷം നാളിതുവരെ ഭേദഗതി ചെയ്തിട്ടില്ല. 2013 ഒക്ടോബർ 17-ന് വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള കരട് നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങളടങ്ങിയ ഒരു കരട് ബിൽ ലോക്സഭയുടെയും രാജ്യസഭയുടെയും മുമ്പാകെ വച്ചിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശങ്ങൾ വിശദമായി പഠിക്കുന്നതിന് ഒരു പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെയും നിയമിച്ചിട്ടുണ്ട്. എന്നാൽ ടി ബില്ലിന്മേൽ ഒരു അന്തിമ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടില്ല.

ടി നിയമം നടപ്പാക്കുന്നപക്ഷം വൈദ്യുതി വിതരണ രംഗത്ത് ഉണ്ടാവുന്ന മാറ്റങ്ങൾ താഴെ പറയുന്നവയാണ് :

1. വൈദ്യുതി വിതരണ മേഖല വിഭജിച്ച്, വിതരണ ലൈനുകളുടെ ചുമതലയുള്ള വിതരണ കമ്പനിയും, വൈദ്യുതി വാങ്ങി വിതരണ കമ്പനിയുടെ ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളണമെന്ന് ടി കരട് ബിൽ നിർദ്ദേശിക്കുന്നു.

2. വൈദ്യുതിവാങ്ങി വിൽപ്പന നടത്തുന്നതിന് ഓരോ പ്രദേശത്തും ഒന്നിലധികം സപ്ലൈ കമ്പനികൾ ഉണ്ടാകും.

3. ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലൈ കമ്പനികളിൽനിന്നും വൈദ്യുതി വാങ്ങാൻ അവസരം നൽകുമെന്നും, ഇത് മത്സരം സൃഷ്ടിക്കാനും മെച്ചപ്പെട്ട സേവനം നൽകാനും അവസരം ഒരുക്കുമെന്നും ടി ബിൽ നിർദ്ദേശിക്കുന്നു.

4. കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉത്പാദകർ, മറ്റ് ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. റിന്യൂവബിൾ എനർജി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ടി കരട് വിജ്ഞാപനം നിർദ്ദേശിക്കുന്നു.

6. ടി വിജ്ഞാപനം വരുന്ന മൂന്ന് വർഷത്തിനുള്ളിൽ വിതരണ ലൈസൻസികളിൽ നിന്ന് സപ്ലൈ ആക്ടിവിറ്റി മാറ്റേണ്ടതും വിതരണ ലൈസൻസികളുടെ ഉത്തരവാദിത്വം വൈദ്യുതി ശൃംഖലകൾ ഉണ്ടാക്കുന്നതിലും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും മാത്രമായി മാറുന്നതാണ്. കൂടാതെ ഇത്തരം വൈദ്യുതി ശൃംഖലകളിൽകൂടി സപ്ലൈ ലൈസൻസികൾക്ക് വൈദ്യുതി കടത്തി ഉപഭോക്താവിന് വിൽക്കുന്നതിന് അനുവാദം നൽകേണ്ടതാണ്.

7. വൈദ്യുതി ഉപഭോക്താവിന് എത്തിക്കുന്നതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം സപ്ലൈ ലൈസൻസികളിൽ മാത്രം നിക്ഷിപ്തമാവുകയും ചെയ്യും. എന്നാൽ ഏതെങ്കിലും വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസികൾ വരാത്തപക്ഷം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തന്നെയായിരിക്കും അവരുടെ ഇൻകൃംബന്റ് സപ്ലൈ ലൈസൻസി അഥവാ ഡിസ്ട്രിബ്യൂഷൻ ലൈസൻസികളായിരിക്കും ആ വിഭാഗം ഉപഭോക്താക്കൾക്ക് സപ്ലൈ നൽകുന്നതിന് കടമപ്പെട്ടിരിക്കുന്നത്.

(ബി&സി) നിലവിലുള്ള വൈദ്യുതി വിതരണ കമ്പനിയെ വിഭജിച്ച് വിതരണ ലൈനുകളുടെ ചുമതലയുള്ള വിതരണ കമ്പനിയും, വൈദ്യുതി വാങ്ങി വിതരണ കമ്പനിയുടെ ലൈനുകൾ ഉപയോഗിച്ച് വിതരണം ചെയ്യുന്ന സപ്ലൈ കമ്പനിയും ഇവരുടെ ഇടനിലയായി പ്രവർത്തിക്കുന്ന ഇന്റർമീഡിയറി കമ്പനിയുമായിട്ടാണ് നിർദ്ദിഷ്ട കരടു ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ടി കരടു ബിൽ പ്രാബല്യത്തിൽ വരികയാണെങ്കിൽ നിലവിൽ വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ചെലവ് കുറഞ്ഞ ജലവൈദ്യുതി നിലയങ്ങളിൽ നിന്നും കൂടാതെ കേന്ദ്ര നിലയങ്ങളിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതിയും വൈദ്യുതി ബോർഡ് സംസ്ഥാനത്തിന് വേണ്ടി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയും ഇന്റർമീഡിയറി കമ്പനിയിൽ നിക്ഷിപ്തമായിരിക്കും. പ്രസ്തുത ഇന്റർമീഡിയറി കമ്പനിയായിരിക്കും ടി സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സപ്ലൈ ലൈസൻസികൾവഴി അതാത് സ്ഥലങ്ങളിൽ വിതരണത്തിന് അനുവദിക്കുന്നത്.

ഇപ്പോൾ സംസ്ഥാനത്തുള്ള ചെലവ് കുറഞ്ഞ ജല വൈദ്യുതപദ്ധതികളിൽ നിന്നും കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതി കൊണ്ടാണ് കേരള സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കും (200 യൂണിറ്റിന് താഴെ) കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നത്.

എന്നാൽ സംസ്ഥാനത്ത് ലഭ്യമാകുന്ന മേൽപ്പറഞ്ഞ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് കുറഞ്ഞ വൈദ്യുതി ഇന്റർമീഡിയറി കമ്പനിവഴി സ്വകാര്യ സപ്ലൈ ലൈസൻസികൾക്ക് ലഭിക്കുന്നപക്ഷം ടി കമ്പനിയിൽ താൽപ്പര്യമുള്ള വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതും, നിലവിലുള്ള ക്രോസ് സബ്സിഡി ഇല്ലാതാകുന്നതുമാണ്.

കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഇൻകൃംബന്റ് സപ്ലൈ ലൈസൻസിക്ക് ഗാർഹിക കാർഷിക ഉപഭോക്താക്കൾക്കും, അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകും. ഇത് സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പ്രതിബദ്ധതയെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്ത് ഒരു ഇന്റർമീഡിയറി കമ്പനി ആവശ്യമില്ലെന്ന അഭിപ്രായം ടി കരട് ബിൽ പരിശോധിക്കുന്ന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്.

തകർച്ച നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

29(*209) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ മൂന്നു വർഷമായി പൊതുമേഖലാസ്ഥാപനങ്ങൾ വൻനഷ്ടം നേരിടുന്നതായ വാർത്തകളിൽ ഗൗരവതരമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ പൊതുമേഖലാസ്ഥാപനങ്ങൾ ഇത്തരത്തിൽ തകർച്ച നേരിടുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly